**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 298** | **29-01-2024 - ൽ മറുപടിയ്ക്ക്**

**കെ-സ്റ്റോറിൽ ലഭിക്കുന്ന സേവനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ് | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | തിരുവമ്പാടി നിയോജകമണ്ഡലത്തിൽ എവിടെയൊക്കെ കെ-സ്റ്റോറുകൾ ആരംഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | താമരശ്ശേരി താലൂക്കിൽ കൂടരഞ്ഞി പഞ്ചായത്തിലെ കക്കാടംപൊയില് എന്ന സ്ഥലത്ത് ARD 49 കെ-സ്റ്റോർ ആയി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |
| (ബി) | കെ-സ്റ്റോറിൽ ലഭിക്കുന്ന നിത്യോപയോഗസാധനങ്ങൾ എന്തെല്ലാമാണെന്നും മറ്റു സേവനങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ? | (ബി) | നിത്യോപയോഗ സാധനങ്ങളായ സപ്ലൈകോയുടെ ശബരി ഉത്പന്നങ്ങൾ, മിൽമയുടെ തെരഞ്ഞെടുത്ത ഉത്പന്നങ്ങൾ, IOC യുടെ ചോട്ടു ഗ്യാസ് (5 kg), വ്യവസായ വാണിജ്യ വകുപ്പിന് കീഴിൽ പ്രാദേശികമായി ഉൽപ്പാദിപ്പിക്കുന്ന ചെറുകിട വ്യവസായ യൂണിറ്റുകളുടെ (MSME) നിത്യോപയോഗ സാധനങ്ങൾ, CSC വഴിയുള്ള യൂട്ടിലിറ്റി ബിൽ പെയ്മെന്റ്, പതിനായിരം രൂപ വരെയുള്ള പണമിടപാടുകൾ നടത്തുന്നതിനുള്ള ബാങ്കിംഗ് സംവിധാനം എന്നിവ കെ-സ്റ്റോറുകൾ വഴി നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ